**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2116

06.10.2016-ൽ മറുപടിയ്ക്ക്

## വൈപ്പിൻ-പള്ളിപ്പുറം തീരദേശപാതയുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബജറ്റിൽ 75 കോടി രൂപ വകയിരുത്തിയിട്ടുള്ള വൈപ്പിൻ-പള്ളിപ്പുറം തീരദേശ പാതയുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രാരംഭ നടപടികൾ വിശദമാക്കാമോ; തീരദേശപാതയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ? | (എ) വൈപ്പിൻ - പള്ളിപ്പുറം പാതയുടെ സമാന്തര പാതയ്ക്കാണ് പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 75 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശ ഹൈവേ എത്രയും വേഗം നടപ്പിലാക്കുന്നതിനും, അതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുമായി ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറെ കൺവീനറും, പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനുമായി ഒരു കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതര നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. തീരദേശപാത വികസിപ്പിക്കുന്നതിനായുള്ള പഠനം നടത്തുന്നതിന് NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ